**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2674** **17-03-2022 - ൽ മറുപടിയ്ക്ക്**

**സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളിൽ പുരപ്പുറ സൗരോർജ്ജ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | | null<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | പൂഞ്ഞാർ നിയോജക മണ്ഡലത്തിലെ വിവിധ സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളിൽ പുരപ്പുറ സൗരോർജ്ജ പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | പൂഞ്ഞാർ നിയോജക മണ്ഡലത്തിൽ സൗര പുരപ്പുറ പദ്ധതിയുടെ കീഴിൽ സർക്കാർ സ്ഥാപനങ്ങളുടെ പുരപ്പുറത്ത് നിലയം സ്ഥാപിക്കുന്നതിന്റെ ഭാഗമായി SMV ഹൈസ്കൂൾ പൂഞ്ഞാറിൽ 62 Kw-ന്റെ സൗരനിലയ നിർമ്മാണം ഏകദേശം പൂർത്തിയായി. ഉടൻ കമ്മീഷൻ ചെയ്യുന്നതാണ്. കോരുത്തോട് സി.കെ.എം. ഹയർസെക്കണ്ടറി സ്കൂളിന് 20 KW-ന്റെ വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയ GUPS, പതക്കച്ചിറ (20 KW), GUPS, പിണ്ണാക്കനാട് (16 KW), GUPS, തിടനാട് (65 KW), GUPS, കിടങ്ങൂർ (30 KW), GTHS, എരുമേലി (15 KW) എന്നീ സർക്കാർ/ എയ്ഡഡ് സ്കൂളുകളിൽ പ്രാരംഭ സർവ്വേ നടപടികൾ പൂർത്തിയായിട്ടുണ്ട്. |
| (ബി) | സർക്കാർ സ്ഥാപനങ്ങളിൽ പുരപ്പുറ സൗരോർജ്ജ പദ്ധതി നടപ്പിലാക്കുന്നതിനായി ജില്ലാതലത്തിൽ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോയെന്നും സ്ഥാപന മേധാവികൾ എപ്രകാരമാണ് പ്രസ്തുത പദ്ധതിക്കായി അപേക്ഷ സമർപ്പിക്കേണ്ടതെന്നും പദ്ധതിക്കായി സ്ഥാപനങ്ങളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം എന്താണെന്നും വ്യക്തമാക്കുമോ? | (ബി) | ഇക്കാര്യത്തിനായി ജില്ലാടിസ്ഥാനത്തിൽ കെ.എസ്.ഇ.ബി.എൽ. ഓഫീസുകളെ സമീപിക്കാവുന്നതാണ്. സബ്സിഡി ഇല്ലാതെ എസ്റ്റിമേറ്റ് തുക അടച്ച് സൗരോർജ്ജ പദ്ധതികൾ നടപ്പിലാക്കാൻ താല്പര്യമുള്ള വകുപ്പ് മേധാവികൾക്ക് ചീഫ് എൻജിനീയർ (റീസ്) & ചീഫ് സേഫ്റ്റി കമ്മീഷണർ ഒമ്പതാം നില, വൈദ്യുതിഭവനം, പട്ടം, തിരുവനന്തപുരം-695004 എന്ന വിലാസത്തിൽ അപേക്ഷിക്കാവുന്നതാണ്. സർക്കാർ സ്ഥാപനങ്ങളിൽ പുരപ്പുറ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് 10 ശതമാനം ഇൻസെന്റീവ് നൽകുന്ന പദ്ധതിയാണ് നിലവിൽ അനെർട്ടിന് ഉള്ളത്. ഇതിനായുള്ള അപേക്ഷ ക്ഷണിക്കുന്ന അവസരത്തിൽ അപേക്ഷ ലഭിക്കുന്നതിന്റെ മുൻഗണനാ ക്രമത്തിലാണ് സ്ഥാപനങ്ങളെ തെരഞ്ഞെടുക്കുന്നത്. പുരപ്പുറ സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്നതിനുള്ള തുക ലഭ്യമാണെങ്കിൽ സർക്കാർ സ്ഥാപനങ്ങൾക്ക് അനെർട്ട് മുഖേന ഡെപ്പോസിറ്റ്/കൺസൽട്ടൻസി |

| | | | |
|---|---|---|---|
| | | | വ്യവസ്ഥയിൽ സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കാ വുന്നതാണ്. ഇതിനായുള്ള സ്ഥലപരിശോധന, എസ്റ്റിമേറ്റ് തയ്യാറാക്കൽ, ടെണ്ടർ നടപടികൾ, നിർമ്മാണ മേൽനോട്ടം എന്നിവ അനെർട്ട് ചെയ്യുന്നതാണ്. അനെർട്ട് ജില്ലാ ഓഫീസുകളിൽ ഇതിനുള്ള സംവിധാനം ഉണ്ട്. |

സെക്ഷൻ ഓഫീസർ